# വിപഞ്ചിക



# ഉള്ളടക്കം

Content　　　　　　　　　　Page no.


സന്ദേശം........................................................... 3

കവിത -സ്നേഹത്തിരമാല .................................. 4

കവിത-പൂവിൻ പാട്ടുകൾ .................................... 5

കുരുന്നുകളുടെ കരവിരുതുകൾ .............................. 6

ഒരു പ്രണയ ലേഖനം ......................................... 8

ശ്രദ്ധ ക്ളാസ്സുകളിലൂടെ ...................................... 9

# സന്ദേശം



വെസ്റ്റ് കല്ലട ഗവൺമെൻറ് ഹയർസെക്കൻററി സ്കൂളിലെ ഈ വർഷത്തെ ലിറ്റിൽ കൈറ്റ് കൂട്ടുകാർ ഒരുക്കിയ ഡിജിറ്റൽ വിഭവങ്ങളുടെ കലവറ ഇവിടെ തുറക്കുന്നു. കുഞ്ഞുഹൃദയങ്ങളിൽ ഉരുത്തിരിഞ്ഞ സർഗ്ഗസൃഷ്ടികൾ ഡിജിറ്റൽ രൂപത്തിൽ ഇവിടെ പ്രസിദ്ധീകരിക്കുമ്പോൾ വായനക്കാരായ കൂട്ടുകാരുടെ പ്രോൽസാഹനം പ്രതീക്ഷിക്കുന്നു. ആധുനിക ലോകത്തിലെ ഇലക്ട്രോണിക് സാധ്യതകളെ ഉൾക്കൊണ്ട് മലയാള സാഹിത്യ രചനകൾ ഉടലെടുക്കുന്നതിനും ചിന്തോ ദീപങ്ങളായ ആശയങ്ങളെ പ്രദിധ്വനിപ്പിക്കുന്ന വർണ്ണാഭമായ ചിത്രങ്ങൾ രൂപപ്പെടുന്നതിനും നമ്മുടെ സ്കൂളിലെ ഇ - മാഗസീനിൽ അവസരം ഒരുങ്ങിയിരിക്കുന്നു. വിരൽത്തുമ്പുകൊണ്ട് വിശാലമായ ലോകത്തെ കയ്യിലൊതുക്കിയ പുത്തൻ തലമുറയ്ക്ക് മാർഗ്ഗദീപമേകുവാൻ നമ്മുടെ കുഞ്ഞു പ്രതിഭകളുടെ ഡിജിറ്റൽ വിഭവങ്ങൾ കളമൊരുക്കട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മാസ്റ്റർ
സണ്ണി പി ഒ

കവിത

# <u>സ്നേഹത്തിരമാല</u>

അടുപ്പിൽ അന്നും കനലെരിയുന്നുണ്ടായിരുന്നു

ഒരു രാത്രി മിഴി തുറക്കുന്നതിൽ മുൻപേ

പാതിമയക്കത്തിലും ഞാനതറിഞ്ഞു

തേരിലെയ്ക്കേറിക്കഴിഞ്ഞു എന്നമ്മ.

കനിവ് പെയ്ത്ത്പെയ്ത്ത്

ഒരു കടൽ സൃഷ്ടിച്ച്

നന്മ വിരിയിപ്പിച്ച്

ഒരു തോണി ചേക്കേറുന്നു.

ദൂരെ സായാഹ്നസൂര്യൻ മായുമ്പോഴും

അമ്മ അണയാറില്ല,

ആളുന്നു നാളമോയ്!

പൊരിയുന്ന ദുഖങ്ങൾ അലയടിയ്ക്കുമ്പോൾ

നനയാതെ നനയുന്നു,

പതറാതെ പൊരുതുന്നു.

മധുരമന്ദഹാസങ്ങൾക്കപ്പുറം

ജീവന്റെ ഉപ്പു പേറുന്ന

ആ നെഞ്ചകം.

ഒഴുകുന്ന ലക്ഷ്യങ്ങളില്ലാതെ മുന്നിലെ

കാളുന്ന വഴിയിലായ്,

കടലായ്, നിവേദ്യമായ്...



**ദീപിക ബി**

STD: 10 B

കവിത

# പൂവിൻ പാട്ടുകൾ

പറവകൾ പാടിയ പാട്ടിന്റെ

ഈണങ്ങൾ കേട്ട്

മർത്യ കലപില നാദങ്ങൾ കേട്ട്

അവളിതാ മെല്ലെ മെല്ലെ ഉഷസ്സിൽ ഉണർന്നുവല്ലോ!

മൃദുവായ് പൂവിനെ താളത്തിൽ തഴുകിയ കാറ്റ്

കാറ്റിൻ തഴുകലിൽ പൂർണ്ണമായി

പുഷ്പത്തിൽ ഉണർവ്

സൂര്യകിരണങ്ങളെത്തി

ചേതോഹരമാം പൂവിന്റെ ചുണ്ടിൽ

ചെറുപുഞ്ചിരി വിടരുന്നുവല്ലോ

കിളികളാം

കാക്കയോടൊപ്പം കരഞ്ഞും

കുയിലിനോടൊപ്പം കൂവിയും

മയിലിനോടൊപ്പം നൃത്തമാടിയും

കാറ്റിനോടൊപ്പമാടിക്കളിച്ചും

പുഷ്പമാദിനമാസ്വദിച്ച


രാത്രിതൻ ഇരുട്ടിൽ മയങ്ങിടാൻ

തുടങ്ങിയാപ്പവ്

പുഷ്പത്തിൽ ചെറു മിഴികളിൽ

വിങ്ങിവിതുമ്പിയാ കണ്ണുനീർത്തുള്ളികൾ

മണ്ണിൽ ആരുമറിയാതലിഞ്ഞുപോയോ?



ആർച്ച ജെ
STD: 9 B

# കുരുന്നുകളുടെ കരവിരുതുകൾ



Ajith V
STD 9A



Archa B
STD : 8C





# ഒരു പ്രണയ ലേഖനം

എൻ ഹൃദയമേ,

നിന്നെ എനിയ്ക്ക് കാണിച്ച തന്നത് ഏത് വിധിയായിരുന്നു? ഇഷ്ടം പ്രണയമോയപ്പോൾ അരുത് എന്ന് മനസ്സ് വിലക്കി. എന്നാൽ ഒരു കാന്തം പോലെ നീ എന്നിലേയ്ക്ക് അച്ചുത്തു. ഇന്നിതാ എൻ ഹൃദയത്തിൽ നിന്നെ ഓർത്തുള്ള തുടിപ്പുകൾ മാത്രം എൻ ക്ഷുകളിൽ നിന്റെ സ്വരം മാത്രം, എൻ ഓർമ്മയിൽ നിന്നെ ഓർത്തുള്ള ദിനങ്ങൾ മാത്രം. മഞ്ഞ് പൊഴിയും രാത്രിയാമങ്ങളിലും കുയിലിൻ നാദം മൊഴിയും പ്രഭാതങ്ങഴിലും നിൻ ഓർമ്മകൾ എന്നെ തേചിയെത്തുന്നിതാ ഒരു നിഴൽ പോലെ ഇന്നും എൻ ഹൃദയം നിനക്കായി തുടിയ്ക്കുന്നു. സൂര്യ പ്രകാശത്തിനുവേണ്ടി കാത്തിരിയ്ക്കുന്ന പുഷ്പം പോലെ, തിരമാലകളെ ക്ത്തരിയ്ക്കുന്ന കടൽ പോലെ, നാളയെ കാത്തരിയ്ക്കുന്ന മർത്യരെപ്പോനലെ നിന്നെ ഞാൻ ഇന്നും കാത്തിരിയ്ക്കുന്നു. മുനയുള്ള മൗനവും മനം നീറുന്ന കോപവും നിന്നിൽ വേണ്ടായിരുന്നു. എങ്കിലും എൻ ഹൃദയമേ നിന്നെ കാണാതെ ഏകാന്തമായൊരു പുഷ്പംപോലെ എൻ മനസ്സിതാ വിങ്ങുന്നു. നിൽ സ്വരം കേൾക്കാതെ എൽ കാതുകൾ ജലത്താൽ മൂടുന്നു.നീയിന്നാത്ത എൻ പാതകൾ ഇരുണ്ട് പൊള്ളുന്ന ഒരു തീഗോളമായി മാറുന്നു. വരുമോ സ്നേഹിതാ വിങ്ങുന്ന എൻ മനസ്സിനൊരാശ്വാസമായ്, വരുമൊ സ്നേഹിത എൻ പാതയ്ക്ക് വെളിച്ചമേകുവാൻ,

"വരില്ലെ നീ എനിയ്ക്കായി ഹൃദയമെ"

ആർച്ച ജെ

STD: 9 B

## ശ്രദ്ധ ക്ലാസ്സുകളിലൂടെ







thank you